## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 129 23.01.2018-ൽ മറുപടിക്ക്**

### കസ്റ്റഡി മരണങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. മുരളീധരൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 ഡിസംബർ 31 വരെ എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 3 പേരുടെ മരണം ഉണ്ടായിട്ടുണ്ട്. ഇവ പോലീസ് മർദ്ദനം മൂലമല്ല. |
| (ബി) പ്രസ്തുത കാലയളവിൽ പോലീസിനെ കണ്ട് ഓടിയ എത്ര പേർ ആറ്റിലോ, കുളത്തിലോ, കിണറ്റിലോ വീണ് മരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | ഒരാൾ ആറ്റിൽ വീണും രണ്ട് പേർ കിണറ്റിൽ വീണും മരിച്ചിട്ടുണ്ട് . |
| (സി) പ്രസ്തുത കാലയളവിൽ പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച എത്ര പേർ വിട്ടയയ്ക്കപ്പെട്ട് ഓരാഴ്ചയ്ക്കുള്ളിൽ മരിക്കുകയോ, മാരകമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയോ, ആത്മഹത്യ ചെയ്യുകയോ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച 2 പേർ ഒരാഴ്ചയ്ക്കുള്ളിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. ആരും മാരകമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത കാലയളവിൽ പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടു പോകപ്പെട്ട എത്ര പേർ തൂങ്ങി മരിക്കുകയോ, ഹൃദയസ്തംഭനം മൂലം മരിക്കുകയോ, പോലീസ് സ്റ്റേഷനുകളിൽ വച്ച് മറ്റുകാരണ ങ്ങളാൽ മരിക്കുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ഡി) | പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ട് പോയവരിൽ ഒരാൾ തൂങ്ങിമരിക്കുകയും 2 പേർ ഹൃദയസ്തംഭനം മൂലം മരിക്കുകയും, ഒരാൾ മറ്റു കാരണങ്ങളാൽ പോലീസ് സ്റ്റേഷനിൽ വച്ച് മരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | മേൽപ്പറഞ്ഞ കാലയളവിൽ കസ്റ്റഡി മരണം സംബന്ധിച്ച് എത്ര പോലീസുകാരെ സസ്പെൻഡ് ചെയ്തുവെന്നും എത്ര പേർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുത്തുവെന്നും വ്യക്തമാക്കുമോ; | (ഇ) | 5 പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ആരുടെയും പേരിൽ കൊലക്കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**